| നം.കെ.എസ്.എ.പി.റ്റി.എ./പി11/1360/16 | തീയതി: 09-12-2016 |
|---|---|

പത്തനംതിട്ട ജില്ലയിലെ ഉമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പത്തനംതിട്ട ജില്ലയിലെ ഉമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 13.07.2016മുതൽ 21.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.13അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ, ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.11.2016 മുതൽ 01.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീമതി.പി.കെ.വിജയലക്ഷ്മി, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീമതി സൂര്യപ്രഭ പി.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ഹരികുമാർ.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അമ്മിണി ശശി | 01.04.2015മുതൽ 30.09.2015 വരെ |
| | ഭരണ നിർവ്വഹണ സമിതി | 1.10.2015 മുതൽ 11.11.2015 വരെ |
| | ശ്രീ. സക്കറിയ വർഗ്ഗീസ് | 12.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീമതി.ജെസ്സി സാമുവൽ | 01.04.2015 മുതൽ 30.03.2016 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2015-16
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2015-16
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2015-16

ഉള്ളടക്കം

| ക്രമനമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം-2 | |
| 11 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് നാളിതുവരെ തിരികെ വാങ്ങിയിട്ടില്ല | 2-1 |
| 12 | വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല- പഞ്ചായത്തിന് വരുമാന നഷ്ടം | 2-2 |
| 13 | ഇ.സി.എച്ച്.എസ് പോളി ക്ലിനിക്കിലെ ഉദ്യോഗസ്ഥർ തൊഴിൽ നികുതി ഒടുക്കുവാൻ വിസമ്മതിക്കുന്നു | 2-3 |

| | | |
|---|---|---|
| 14 | വസ്തു നികുതി ഇളവ് അർഹതയില്ലാത്തവർക്കു അനുവദിച്ചു-പഞ്ചായത്തിനു നഷ്ടം | 2-4 |
| 15 | അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-5 |
| | ഭാഗം 3 | |
| 16 | ഗ്രാമപഞ്ചായത്ത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നു | 3-1 |
| 17 | തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് - മീറ്റർ സ്ഥാപിച്ചില്ല | 3-2 |
| 18 | മീഡിയാശ്രീ - പണം കൈമാറി; പദ്ധതി നടപ്പായില്ല | 3-3 |
| 19 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങലിന് പണം നൽകി; മരുന്ന് ലഭ്യമാക്കിയില്ല | 3-4 |
| 20 | ഐ.എ.വൈ. ഐ.എ വൈ ധനസഹായം-വിനിയോഗരേഖയില്ല | 3-5 |
| 21 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - കരാർ കാലാവധിക്ക് ശേഷവും പൂർത്തീകരിച്ചില്ല | 3-6 |
| 22 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗരേഖയുടെ അടിസ്ഥാനത്തിൽ തിരികെ വാങ്ങാനുള്ളത് 55358/രൂപ | 3-7 |
| 23 | മൈത്രി ഭവനപദ്ധതി- ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുള്ളത് 2.5 ലക്ഷം രൂപ | 3-8 |

| | | |
|---|---|---|
| 24 | എം.എൻ ലക്ഷം വീട് പദ്ധതി -എഗ്രിമെന്റ് വച്ച 19 ഗുണഭോക്താക്കളിൽ 11പേരും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-9 |
| 25 | നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കുവാനായി പിൻവലിച്ച 1.57ലക്ഷം രൂപയ്ക്ക് കൈപ്പറ്റ് രേഖകൾ ഇല്ല | 3-10 |
| | ഭാഗം-4 | |
| 26 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 27 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 28 | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 30` | ഓഡിറ്റ് റിക്കവറി | 4-5 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |


# ഭാഗം 1

## പൊതു അവലോകനം

## (1-1) ബജറ്റ്

2015-16 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി, തീരുമാന നം. | റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി |
|---|---|---|
| 2015-16 | 28.03.2015 (I) | 02.03.2016 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ സൂചിപ്പിക്കുന്നത് ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| മുന്നിരിപ്പ് | 6706364 | 6706364 | 0 | |
| വരവ് | 37586134 | 17398912 | (-)20187222 | (-) 53% |
| ആകെ | 44292498 | 24105276 | (-)20187222 | (-)45% |
| ചെലവ് | 41597708 | 20014749 | (-) 21582959 | (-)51% |
| നീക്കിയിരിപ്പ് | 2694790 | 4090527 | (+)1395737 | 34% |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിന്റെ ഉപവകുപ്പ് 1പ്രകാരം സ്ഥാപനത്തിൽ അടുത്ത വർഷം ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾക്കായി ഓരോ വർഷവും ജനവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതും ബജററ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഉപവകുപ്പ് 1-എ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. ബജറ്റ് തയ്യാറാക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല. 2015-16 വർഷത്തെ ബജറ്റ് 26-03-2015 ലെ ധനകാര്യകമ്മിറ്റി കമ്മിറ്റിയിൽ അവതരിപ്പിച്ച് പാസ്സാക്കുകയും 28-03-2015 ലെ ജനറൽ കമ്മിറ്റിയിലെ ഒന്നാം നംപർ തീരുമാനപ്രകാരം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. യഥാർത്ഥ വരവ് ബജറ്റിലെ പ്രതീക്ഷിത വരവിൽ നിന്നും 216% കുറവാണ്. ബജറ്റ് പ്രതീക്ഷിത ചെലവും യഥാർത്ഥ ചെലവും തമ്മിലും ഈ വ്യത്യാസം പ്രകടമാണ്. യഥാർത്ഥ ചെലവ് ബജറ്റ് പ്രതീക്ഷിത ചെലവിനേക്കാൾ 208% കുറവാണ്. പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് ഭാവിയിൽ യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## (1-2) <u>വാർഷിക ധനകാര്യപത്രിക</u>

| ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 15.05.2016 | 13.06.2016 |

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് റൂൾസ് പ്രകാരം മേയ് 15-ാം തീയതിക്കുള്ളിൽ മുൻ സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ ചട്ടം അനുശാസിക്കുന്ന സമയ പരിധിയ്ക്കുള്ളിൽ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. വീഴ്ച ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിലേക്ക് ശ്രദ്ധയിൽപ്പെടുത്തുന്നു.

## (1-3) വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും, ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും, രജിസ്റ്ററുകളും സൂക്ഷ്മപരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബില്ലുകളിൽ നിന്നും കുറവു ചെയ്ത് ഒടുക്കുന്ന വാറ്റ്, ആദായനികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവയുടെ വിവരം അക്കൗണ്ട്സിൽ കാണിക്കുന്നില്ല.
2. ബി11ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികളുടെ വിവരം കൃത്യമല്ല. 2011ന മുൻപ് ആർജ്ജിച്ച ആസ്തികൾ ബി11ഷെഡ്യൂളിൽ ഉൾപ്പെടുന്നില്ല. ഡിപ്രീസിയേഷൻ നൽകുന്നില്ല

   മേൽപറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## (1-4) സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേമെന്റ്പത്രിക പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 6706364 |
| വരവ് | 17398912 |
| ആകെ | 24105276 |
| ചെലവ് | 20014749 |
| നീക്കിയിരിപ്പ് | 4090527 |

## (1-5) വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 365000 | 1707493 | 998507 | 3071000 | 3071000 | | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2507535 | | 2507535 | 2507505 | | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | | 0 | 0 | | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 1578205 | | 1578205 | 1206680 | 371525 | 0 |
| ലോക ബാങ്ക് സഹായം | 1421000 | 626982 | | 2047982 | 1421000 | 626982 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 411608 | 2017672 | 0 | 2429280 | 2429280 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 0 | 2317076 | 0 | 2317076 | 2317076 | 0 | 0 |

*19.09.15-ലെ GO (P) No. 419/2015/Fin നം. ഉത്തരവ് പ്രകാരം 2015-16 വർഷം മുതൽ വികസന ഫണ്ട്/മെയി.ഗ്രാന്റ് എന്നിവയ്ക്ക് നീക്കിയിരിപ്പ് ഇല്ല.

## (1-6) പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (ബഹുവർഷ പ്രോജക്ടുകൾ) | നടപ്പാക്കാത്തവ |
|---|---|---|---|---|---|
| 103 | 24861780 | 69 | 13353272 | 18 | 16 |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| ഉല്പാദനം | 1105520 | 1105520 |
| സേവനം | 4547348 | 4300051 |
| പശ്ചാത്തലം | 3171973 | 2800644 |

നിർബന്ധിത വകയിരുത്തലുകളും ചെലവും

| പദ്ധതി | പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| വനിതാ ഘടക പദ്ധതി | 3 | 583166 | 522300 |
| കുട്ടികൾ, ഭിന്നശേഷിയുള്ളവർ | 3 | 1008104 | 1008104 |
| പാലിയേറ്റീവ് കെയർ | 1 | 500000 | 500000 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 0 | 0 | 0 |
| യുവജന വികസന | 3 | 302900 | |

| പദ്ധതി | | | |
|---|---|---|---|

ലഭ്യമായ വികസന ഫണ്ടിന്റെ 93% ചെലവഴിക്കുവാൻ കഴിഞ്ഞു.റോഡിതര മെയിന്റനൻസ് ഫണ്ട് 100 ശതമാനവും റോഡ് മെയിന്റനസ് ഫണ്ട് 72 ശതമാനവും ചെലവഴിച്ചു. പദ്ധതി പ്രവർത്തനങ്ങളെ മുൻനിർത്തി പത്തനംതിട്ട ജില്ലയിലെ ഒന്നാമത്തെ ഗ്രാമപഞ്ചായത്തായി തെരഞ്ഞെടുത്തിട്ടുണ്ട്. 2014-15 ൽ ഐ.എസ്.ഒ അംഗീകാരവും ലഭിച്ചു. ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായി ഉപയോഗിക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിയുന്നുണ്ട്. തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ പ്രശംസനീയമാണ്. എന്നാൽ തനത് വരുമാനത്തിലുള്ള കുറവ് മൂലം ഗ്രാമപഞ്ചായത്ത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്.

## (1-7) തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 3012840 | 1806972 | (-)1205868 |
| നികുതിയേതര വരവുകൾ | 266288 | 280256 | (+)13968 |
| ആകെ | 3279128 | 2087228 | (-)1191900 |

വസ്തു നികുതിയിനത്തിൽ ഡിമാന്റ് തുകയുടെ 96% പിരിച്ചെടുത്തിട്ടുണ്ട്. തനത് വരവിൽ മുൻവർഷത്തേ അപേക്ഷിച്ച് കുറവുണ്ടായിട്ടുണ്ട്. പുതുക്കിയ വസ്തു നികുതി ചട്ട പ്രകാരം പുനർനിർണ്ണയിച്ച വസ്തു നികുതിയിൽ സർക്കാർ ഇളവ് അനുവദിച്ചത് (660 ച.അടി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽനിന്നും ഒഴിവാക്കുകയും, 2000 ച.അടി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവ് ബാധകമാക്കാതിരിക്കുകയും ചെയ്തത്) പഞ്ചായത്തിന്റെ നികുതി വരവ് കുറയുന്നതിന് കാരണമായി.

## (1-8) ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 110 | 809250 |
| വിധവാ പെൻഷൻ | 307 | 2907080 |
| വാർദ്ധക്യകാല പെൻഷൻ | 307 | 5455350 |
| വികലാംഗ പെൻഷൻ | 77 | 829380 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ (>50) | 15 | 148080 |
| തൊഴിൽ രഹിത വേതനം | 0 | 0 |

## (1-9) ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2016-ൽ 10 AM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 4981 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## (1-10) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.10.2016-20.10.2016 | 08/2016-09/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.09.2013-24.09.2013 | 2008-09മുതൽ 2012-13 വരെ | 28.10.2013 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (2-1) ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസായ 38322 രൂപ നാളിതുവരെ തിരികെ വാങ്ങിയിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില(ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് നാളിതുവരെ ഗ്രാമപഞ്ചായത്ത് തിരികെ വാങ്ങിയിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)3/2015/ഫിൻ തീ.5/1/15 പ്രകാരം 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% കുറഞ്ഞത് 500രൂപ എന്ന് നിശ്ചയിച്ചിരുന്നു. 5% വാറ്റ് ഉൾപ്പടെ കണക്കാക്കി വേണം ആകെ ടെണ്ടർ ഫീസ് വാങ്ങേണ്ടത്.എന്നാൽ 2015-16 വർഷം 22 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തുവെങ്കിലും ടെണ്ടർ ഫീസ് ഇനത്തിൽ കരാറുകാർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ഓൺലൈൻ ആയി ആകെ ഒടുക്കിയ തുക സംബന്ധിച്ച വിവരങ്ങൾ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ വാങ്ങാൻ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടുമില്ല. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മരാമത്ത് പ്രവൃത്തിയുടെ പേര് | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീസ് | വാറ്റ് | ആകെ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | മലയരിക്കുന്ന് മലങ്കാവ് മങ്ങാട്ടേത്ത് പടി റോഡ്<br>101/16<br>അടങ്കൽ- 300000 | 2 | 600x2=<br>1200 | 60 | 1260 |
| 2 | പടിപ്പുരയ്ക്കൽ താഴേതിൽപ്പടി കല്ലുവെട്ടാം കുഴി റോഡ്, 100/15-16<br>അടങ്കൽ- 298803 | 2 | 598x2=<br>1196 | 60 | 1256 |
| 3 | മുടയ്ക്കമണ്ണിൽപ്പടി ഗുരുനാഥൻ കാവ് റോഡ് റീടാറിംഗ്, 72/16, 580000 | 5 | 1160x5=<br>5800 | 290 | 6090 |
| 4 | നെടുവേലിൽപ്പടി ഇളംകുളം പാറ റോഡ് മെറ്റലിംഗ് & ടാറിംഗ്, 51/16, 313000 | 3 | 626x3<br>=1878 | 94 | 1972 |
| 5 | പീടികയിൽപ്പടി നെടിയൂഴത്തിൽപ്പടി റോഡ് മെറ്റലിംഗ് & ടാറിംഗ്, 52/16<br>394100 | 2 | 789x2<br>=1576 | 79 | 1655 |
| 6 | വിജയപുരം നെയ്ത്തുകാരൻ റോഡ് മെറ്റലിംഗ് & ടാറിംഗ്, 74/16<br>401000 | 3 | 802x3=<br>2406 | 120 | 2526 |
| 7 | മുട്ടം കോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, 58/16<br>300000 | 2 | 600x2=<br>1200 | 60 | 1260 |
| 8 | കാരയ്ക്കാട് പട്ടികജാതി കുടുംബങ്ങളുടെ പാർശ്വഭിത്തി നിർമ്മാണം, 64/15 | 2 | 1000 | 50 | 1050 |

| | | | | | |
|---|---|---|---|---|---|
| | 75000 | | | | |
| 9 | പാറയിൽപ്പടി ചെമ്പാലമണ്ണ് കോളനി റോഡ് മെറ്റലിംഗ് & ടാറിംഗ്, (റീടെണ്ടർ)<br>41/16,313000 | 3 | 626x3=<br>1878 | 75 | 1953 |
| 10 | വിജയപുരം ചെന്നേലിൽ കൃഷി ഭൂമി റോഡ് ടാറിംഗ്, (റീടെണ്ടർ)<br>73/16 ,352500 | 4 | 705x4=<br>2820 | 141 | 2961 |
| 11 | മണ്ണാക്കടവ് നെടുങ്കോട്ട പുന്നലറോഡ് ടാറിംഗ്, 76/16, (റീടെണ്ടർ)<br>352500 | 2 | 705x2<br>=1410 | 71 | 1481 |
| 12 | പറമ്പിൽ പടിഞ്ഞാറ്റേതിൽ പടി റോഡ് ടാറിംഗ്, 77/16, (റീടെണ്ടർ)<br>210000 | 3 | 500x3<br>=1500 | 75 | 1575 |
| 14 | കോട്ടയ്ക്കകത്ത് അഭിലാഷ് പടി റോഡ് ടാറിംഗ്, 78/16, (റീടെണ്ടർ)<br>166900 | 2 | 1000 | 50 | 1050 |
| 15 | പാറയിൽപ്പടി എസ്.എസ് നഗർ പ്രശാന്തിപ്പടി റോഡ്, 48/16<br>644000, (റീടെണ്ടർ) | 3 | 1288x3<br>=3864 | 193 | 4057 |
| 16 | തുണ്ടുമണ്ണിൽപ്പടി കളീയ്ക്കൽപ്പടി റോഡ് ഓട നിർമ്മാണം, 50/16<br>381150, (റീടെണ്ടർ) | 3 | 762x3=<br>2287 | 114 | 2401 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 17 | പാറപ്പാട്ട് കോളനി സംരക്ഷണ ഭിത്തി നിർമ്മാണം, (റീടെണ്ടർ),<br>62/16, 100000 | 1 | 500 | 25 | 525 |
| 18 | ചെമ്പാലമണ്ണ് കോളനി സംരക്ഷണ ഭിത്തി നിർമ്മാണം, (റീടെണ്ടർ)<br>49/16, 150000 | 1 | 500 | 25 | 525 |
| 19 | വരിക്ക പ്ലാമൂട്ടിൽപടി-കൊല്ലാകടവ് റോഡ് റാമ്പ് & കോൺക്രീറ്റിംഗ്, (റീടെണ്ടർ), 69/16, 150000 | 3 | 1500 | 75 | 1575 |
| 20 | ചെന്നേലിൽ കോളനി സംരക്ഷണ ഭിത്തി നിർമ്മാണം, (റീടെണ്ടർ)<br>60/16, 50000 | 1 | 500 | 25 | 525 |
| 21 | ചെറുകുന്നിൽ കോളനി സംരക്ഷണ ഭിത്തി നിർമ്മാണം, (റീടെണ്ടർ)<br>67/16, 75000 | 1 | 500 | 25 | 525 |
| 22 | കിഴക്കേചരുവിൽ കോളനി സംരക്ഷണ ഭിത്തി നിർമ്മാണം, (റീടെണ്ടർ)<br>63/16, 150000 | 2 | 1000 | 50 | 1050 |
| 23 | മലപ്പുറം കോളനി സംരക്ഷണ ഭിത്തി നിർമ്മാണം, (റീടെണ്ടർ)<br>70/16, 100000 | 1 | 500 | 25 | 525 |
| 22 | തേവരുതുണ്ടിൽ കോളനി സംരക്ഷണ | | 500 | 25 | 525 |

| | | | | | |
|---|---|---|---|---|---|
| | ഭിത്തി നിർമ്മാണം, (റീടെണ്ടർ)<br>54/16, 75000 | | | | |
| | ആകെ | | 36515 | 1807 | 38322 |

2014-15 വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ഉൾപ്പടെ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട 38322 രൂപ തിരികെ വാങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വാറ്റ് ഇനത്തിൽ ഈടാക്കിയ 1807 രൂപ വാണിജ്യ നികുതി വകുപ്പിൽ അടവാക്കേണ്ടതും ടെണ്ടർ ഫീസ് ഇനത്തിൽ വരവ് വന്ന 36615/രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയക്ക് മുതൽ കൂട്ടേണ്ടതുമാണ്.

## (2-2) വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല- പഞ്ചായത്തിന് വരുമാന നഷ്ടം

പഞ്ചായത്ത് പരിധിയിൽ VI -ാം വാർഡിലുള്ള സെന്റ്:ജോൺസ് സ്കൂൾ പ്രവർത്തിക്കുന്നത് 220, 221 എന്നീ നമ്പരുകളിലുള്ള രണ്ട് പ്രധാന കെട്ടിടങ്ങളിലാണ്. ഇതിൽ കെട്ടിട നമ്പർ-220 ന്റെ വസ്തു നികുതി മാത്രമാണ് പഞ്ചായത്ത് ഈടാക്കിവരുന്നത്. ഇതോടൊപ്പമുള്ള 221-ാം നമ്പർ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ച് നാളിതുവരെ ഈടാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമായ വിവരങ്ങളനുസരിച്ച് 221-ാം നമ്പർ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 878 ചതുരശ്ര മീറ്ററാണ്. ഇതിന്റെയടിസ്ഥാനത്തിൽ വസ്തു നികുതി ചുവടെ ചേർക്കും പ്രകാരം നിർണ്ണയിക്കാവുന്നതാണ്.

| | |
|---|---|
| തറ വിസ്തീർണ്ണം | 878 ചതുരശ്ര മീറ്റർ |
| മേഖല | പ്രഥമം |
| റോഡിന്റെ തരം | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗം |
| കാലപ്പഴക്കം | 10 വർഷത്തിൽ കൂടുതൽ 25 വർഷത്തിൽ താഴെ |
| ഉപയോഗം | വിദ്യാഭ്യാസാവശ്യം |
| എയർ കണ്ടീഷനിംഗ് | ഇല്ല |
| മേൽക്കൂരയുടെ തരം | കോൺക്രീറ്റ് (100%) |

| | |
|---|---|
| തറ നിർമ്മിതി തരം | സിമിന്റ് |

| | | | |
|---|---|---|---|
| തറ വിസ്തീർണ്ണം | | 878 ച.മീ | |
| കെട്ടിടത്തിനു ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് | | 8 രൂപ 878x8=7024 | |
| വസ്തു നികുതിയിൻമേലുള്ള ഇളവുകൾ | | വസ്തുനികുതിയിൻമേലുള്ള വർദ്ധനവ് | |
| മേഖലയുടെ അടിസ്ഥാനത്തിൽ | 0% | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ | 20% |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ | 0% | തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ | 0% |
| മേൽക്കൂരയുടം അടിസ്ഥാനത്തിൽ | 0% | എയർ കണ്ടീഷനിംഗിന്റെ അടിസ്ഥാനത്തിൽ | 0% |
| കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ | 10% | ആകെ വർദ്ധനവ് | 20% |
| ആകെ ഇളവ് | 10% | ആകെ വർദ്ധനവ് തുക | 1405 |
| ആകെ ഇളവ് തുക | 702 | | |

കെട്ടിടത്തിന്റെ അടിസ്ഥാന വാർഷിക വസ്തു നികുതി (അടിസ്ഥാന നികുതി-ഇളവ്+വർദ്ധനവ്) = 7024-702+1405

=7727 രൂപ

ഇതോടൊപ്പം ഗ്രന്ഥശാല വരി, സേവന ഉപനികുതി, സർചാർജ് എന്നിവ കൂടി ഉൾപ്പെടുത്തി അന്തിമ വസ്തു നികുതി കണക്കാക്കി 01.04.2013 മുതൽ ഈടാക്കുന്നതിന് സത്വര നടപടികൾ പഞ്ചായത്തധികൃതരുടെ ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്.

## (2-3) ഇ.സി.എച്ച്.എസ് പോളി ക്ലിനിക്കിലെ ഉദ്യോഗസ്ഥർ തൊഴിലിൽ നികുതി ഒടുക്കുവാൻ വിസമ്മതിക്കുന്നു

ഉമ്പമൺ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 01.11.2010 മുതൽ പ്രവർത്തിച്ചുവരുന്ന ഇ.സി.എച്ച്.എസ് പോളി ക്ലിനിക്കിലെ ഉദ്യോഗസ്ഥർ നാളിതുവരെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 2011-12 മുതൽ പഞ്ചായത്തും പോളി ക്ലിനിക്ക് അധികൃതരും തമ്മിൽ നിരന്തരം കത്തിടപാടുകൾ നടക്കുന്നുണ്ടെങ്കിലും പോളിക്ലിനിക്കിലെ ഉദ്യോഗസ്ഥർ തൊഴിൽ നികുതി ഒടുക്കേണ്ടതില്ല എന്ന നിലപാടാണ് സ്ഥാപന മേലധികാരികൾ സ്വീകരിച്ചിട്ടുള്ളത്. ഇതിനായി അവർ മുന്നോട്ട് വയ്ക്കുന്ന വാദഗതികൾ പലതാണ്. തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് 12.09.2011 ൽ ഉമ്പമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ T4-1962-ാം നമ്പർ കത്തിനു ഇ.സി.എച്ച്.എസ് പോളി ക്ലിനിക്ക് വിമുക്ത ഭടൻമാർക്ക് സൗജന്യ ചികിൽസ ലഭ്യമാക്കുന്ന സ്ഥാപനമായതിനാൽ ഉദ്യോഗസ്ഥർ തൊഴിൽ നികുതി

ഒടുക്കുവാൻ ബാദ്ധ്യസ്ഥരല്ല എന്ന മറുപടിയാണ് ഓഫീസർ ഇൻ ചാർജ് നൽകിയത്. തുടർന്ന് ഈ വിഷയം സ്ഥാപനാധികാരികൾ ECHS സ്റ്റേഷൻ ഹെഡ്ക്വാർട്ടേഴ്സിലേക്ക് (പാങ്ങോട്) അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സ്റ്റേഷൻ ഹെഡ്ക്വാർട്ടേഴ്സ് ഓഫീസർ ഇൻ ചാർജ് തുമ്പമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച 31.03.2014 ലെ 445/3/A(ECHS)-ാം നമ്പർ കത്ത് പ്രകാരം ECHS ലെ ഉദ്യോഗസ്ഥർ കരാർ അടിസ്ഥാനത്തിൽ പുനർ നിയമിക്കപ്പെട്ട വിമുക്ത ഭടൻമാരാണെന്നും ആയതിനാൽ മുനിസിപ്പൽ ടാക്സേഷൻ ആക്ട് 1831 സെക്ഷൻ (3) പ്രകാരം തൊഴിൽ നികുതി ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ മേൽ വാദഗതികൾ അംഗീകരിക്കാവുന്നതല്ല. സ്ഥാപനം സൗജന്യ സേവനം നൽകുന്ന എന്നതുകൊണ്ട് തൊഴിൽ നികുതി ബാദ്ധ്യതയിൽ നിന്ന് ഉദ്യോഗസ്ഥർ ഒഴിവാക്കപ്പെടുന്നില്ല. തൊഴിൽ നികുതി ഒടുക്കേണ്ടതിനുള്ള മാനദണ്ഡം സ്ഥാപനം നൽകുന്ന സേവനമല്ല മറിച്ച് അവിടെ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്റെ അർദ്ധ വാർഷിക വരുമാനമാണ്. ആയത് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തെ വീട്ടു വാടക ബത്ത ഒഴികെ തൊഴിലിൽ നിന്നുമുള്ള മൊത്ത വരുമാനത്തിന്റെ മേലെയാണ് നികുതി ചുമത്തപ്പെടുന്നത്. ഇതോടൊപ്പം തന്നെ മുൻസിപ്പൽ ടാക്സേഷൻ ആക്ട് 1831 സെക്ഷൻ (3) പ്രകാരം വിമുക്ത ഭടൻമാർക്ക് തൊഴിൽ നികുതി ഒടുക്കേണ്ടതില്ല എന്ന വാദഗതിയും നിലനിൽക്കുന്നതല്ല. ആർമി ആക്ട്-1950, നേവൽ ഡിസിപ്ലിൻ ഓർഡിനൻസ് 1961, എയർ ഫോഴ്സ് ആക്ട് 1953 എന്നീ ആക്ടുകൾ പ്രകാരം കര, നാവിക, വായു സേന വിഭാഗങ്ങളിൽ സേവനമനുഷ്ഠിക്കുന്നവർ മാത്രമാണ് തൊഴിൽ നികുതി ബാദ്ധ്യതയിൽ നിന്നൊഴിവാക്കപ്പെട്ടിട്ടുള്ളത്. പുനർ നിയമനം ലഭിച്ച വിമുക്ത ഭടൻമാർക്ക് മേൽ ആക്ടുകളുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതിയിളവിന് അർഹതയില്ല.

ഈ സാഹചര്യത്തിൽ ടി സ്ഥാപനത്തിൽ ശമ്പളത്തിനോ വേതനത്തിനോ ജോലി ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ആയതിന് സ്ഥാപന മേലധികാരികൾ വിസമ്മതിക്കുന്നപക്ഷം നിയമ നടപടികളിലൂടെ ഈടാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## (2-4) വസ്തു നികുതി ഇളവ് അർഹതയില്ലാത്തവർക്കു അനുവദിച്ചു-പഞ്ചായത്തിനു നഷ്ടം

ജി.ഒ (എം.എസ്) നം-3/2005 ത.സ്വ.ഭ.വ തീയതി 01-01-2005 ഉത്തരവ് പ്രകാരം വിമുക്ത ഭടൻമാർക്കും ആശ്രിതർക്കും താമസിക്കുന്ന വീടിന്റെ നികുതി ഒഴിവാക്കി നൽകിയപ്പോൾ

അർഹതയില്ലാത്തവർക്കും ഇളവ് അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ആനുകൂല്യം ലഭിച്ചയാൾ | വാർഡ് നം/കെട്ടിട നം | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീ.വി.എം.വേലു, ചെങ്കീരേത്ത്, തുമ്പമൺ | VI/174 | ഗ്രെഫ് (ജെനറൽ റിസെർവ് എൻജിനീയറിംഗ് ഫോഴ്സ്)ൽ നിന്നും വിരമിച്ച വ്യക്തിയാണ് |
| 2 | ശ്രീ.ടി.ജി.കോരുത്,തെങ്ങുവിളയിൽ, കീരുകുഴി | VI/91 | ആസ്സാം റൈഫിൾസിൽ നിന്നും വിരമിച്ച വ്യക്തിയാണ് |

ഗവ.ലെറ്റർ നം.4559/എൻ.2/06/ത.സ്വ.ഭാ.വ, തീയതി.15.07.2006 പ്രകാരം കര, നാവിക, വ്യോമ വിഭാഗങ്ങളിൽ നിന്നു റിട്ടയർ ചെയ്തവർക്കു മാത്രമാണ് വസ്തു നികുതിയിളവിനർഹതയുള്ളൂ. വിമുക്ത ഭടൻമാർക്ക്

നൽകുന്ന ആനുകൂല്യം പാരാമിലിട്ടറി വിഭാഗത്തിൽ നിന്നും വിരമിച്ചവർക്ക് ബാധകമല്ല. ആയതിനാൽ മേൽ വ്യക്തികളിൽ നിന്നും 2015-16 സാമ്പത്തിക വർഷം ഒഴിവാക്കി നൽകിയ വസ്തു നികുതി ഈടാക്കേണ്ടതാണ്.

## (2-5) അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ചുവടെ ചേർക്കുന്ന വ്യക്തികൾ പഞ്ചായത്തിലെ വിവധ കരാർ പ്രവൃത്തികൾ 2015-16 ൽ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്.

| ക്രമ നം | കരാറുകാരന്റെ പേരും വിലാസവും |
|---|---|
| 1 | ഷൗക്കത്ത് അലി, ഷഹീൻ മൻസിൽ, മങ്ങാരം, പന്തളം |
| 2 | സുരേന്ദ്രൻ.ആർ, കെ.എൻ.ആർ ഹൗസ്, കലഞ്ഞൂർ |
| 3 | കെ.വി.സുദിൻ, കൃഷ്ണവിലാസം, മുടിയൂർക്കോണം, പന്തളം |
| 4 | വിശ്വനാഥൻ പിള്ള, വെള്ളാപ്പള്ളിൽ ഹൗസ്, പന്തളം |
| 5 | ബിജു.കെ.ജി, കരകാലിൽ ഹൗസ്, അടൂർ, |
| 6 | ബബിലു ടോം സക്കറിയ, കാർമല എസ്റ്റേറ്റ്, കോന്നി |
| 7 | വിനോദ് കുമാർ, ഉണ്ടിൽ പുത്തൻ വീട്, കീരുകുഴി |
| 8 | പി.കെ ലത, കുറവൻചിറ തെക്കേതിൽ, പൊങ്ങലടി, പറന്തൽ |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (3-1) ഗ്രാമപഞ്ചായത്ത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നു

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില വളരെ മോശമായ സ്ഥിതിയിലാണ്. നികുതി/നികുതിയേതര വരവുകൾ, എസ്റ്റാബ്ലിഷ്മെന്റ്/അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല.

ഗ്രാമപഞ്ചായത്തിന് തൻവർഷം പൊതു ആവശ്യ ഗ്രാന്റായി 2408000 രൂപ ലഭിക്കുകയുണ്ടായി. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം,

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത്. 2015-16 വർഷം ഗ്യാപ് ഫണ്ടിനത്തിൽ 313530 രൂപ ലഭിച്ചു.

ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ തനത് വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.(Income & Expenditure Statement പ്രകാരമുള്ളത്). കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 25.16ലക്ഷം രൂപയാണ്.

| *വരവ്* | *രൂ.* | *ചെലവ്* | *രൂ.* |
|---|---|---|---|
| നികുതി വരുമാനം | 1756538 | എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ | 4808585 |
| നികുതിയേതരം | 270747 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 361231 |
| ജനറൽ പർപ്പസ് ഫണ്ട് | 2408000 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 1781146 |
| | | ബാങ്ക് ചാർജ്ജസ് | 1289 |
| ആകെ | 4435285 | ആകെ | 6952251 |
| | | കമ്മി | 2516966 |

സർക്കാരിൽ നിന്നും മറ്റ് നിർവ്വഹണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചതും ഗ്രാമപഞ്ചായത്തിന് ബാധ്യതയായി നിൽക്കുന്നതുമായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ഐ.സി.ഡി.എസ് സെൻട്രൽ ഷെയർ | 268398 |
| എം.എൻ. ലക്ഷം വീട് | 300000 |
| ഹെൽത്ത് ഇൻഷ്വറൻസ് | 43362 |
| ആശ്രയ ചലഞ്ച് ഫണ്ട് | 385000 |
| ആശ്രയ കംപ്യൂട്ടർ ഫണ്ട് | 90000 |
| നിർമ്മൽ പുരസ്കാർ | 60793 |
| മത്സ്യക്ലബ് | 21655 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 45000 |
| ഐ.സി.ഡി.എസ് ബ്ലോക്ക് വിഹിതം | 66996 |
| പൈക്ക ഫണ്ട് | 130000 |
| ഡെപ്പോസിറ്റ് | 211375 |
| ലൈബ്രറി സെസ്സ് | 107143 |
| ഗുണഭോക്തൃ വിഹിതം | 148413 |
| വാറ്റ് | 8503 |
| ആകെ | 1886638 |

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് നീക്കിയിരിപ്പ് 1469944 രൂപ മാത്രമാണ്. ആശ്രയ ചലഞ്ച് ഫണ്ട് ഉൾപ്പടെയുള്ള 1886638രൂപ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് വകമാറ്റിയാണ് ഗ്രാമപഞ്ചായത്ത് ദൈനംദിന ചെലവുകൾ നിർവ്വഹിക്കുന്നത്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ് ഗ്രാമപഞ്ചായത്ത് നേരിടുന്നത്. ആശ്രയ ചലഞ്ച് ഫണ്ട് അടിയന്തിരമായി ആശ്രയ അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ മോശമായ സാമ്പത്തിക സ്ഥിതി മൂലം വാർഷിക പദ്ധതികളിൽ വികസന/ക്ഷേമ പദ്ധതികൾക്ക് തനത് ഫണ്ട് വകയിരുത്തി ചെലവ് ചെയ്യുന്നതിന് സാധിക്കുന്നില്ല. അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്വങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും, ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനസൃതമായി വരുമാന വർദ്ധനവ് ഉണ്ടാവാത്തതുമൂലം പഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സ്ഥാപനം പരാജയപ്പെടുന്നു.സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തേണ്ടതും ഗാർഹിക കണക്ഷൻ എടുക്കുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കേണ്ടതുമാണ്. തെരുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ച് ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രമാണ് വൈദ്യുതി ചാർജ് നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ, ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതിനാൽ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതും പൊതു ടാപ്പുകളുടെ വെള്ളക്കരം, തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ നിയന്ത്രിച്ച് ചെലവു ചുരുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## (3-2) <u>തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് - മീറ്റർ സ്ഥാപിച്ചില്ല</u>

തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തണമെന്ന 07.07.2010ലെ 43742/ഡി.സി.3 /2010ത.സ്വ.ഭ.വ സർക്കുലർ നിർദ്ദേശം യഥാസമയം നടപ്പിലാക്കിയില്ല. അതിനാൽ മീറ്ററിംഗ് ചെലവിന്റെ 50% സബ്സിഡി ലഭിക്കുമായിരുന്നത് നഷ്ടമായി. തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 2015-16-ൽ മാത്രമാണ് 381600രൂപ കെ.എസ്.ഇ.ബി. പന്തളം ഇലക്ട്രിക്കൽ ഡിവിഷനിൽ അടച്ചത് (പ്രോജക്ട് നം SO 26/2016 ). ടുക ചെലവഴിച്ചിട്ടും നാളിതുവരെ മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പോലും ആരംഭിച്ചിട്ടില്ല. പദ്ധതിക്കായി 05/2016 ൽ കെ.എസ്.ഇ.ബി യുമായി കരാറിൽ ഏർപ്പെട്ടില്ല. അതിനാൽ കെ.എസ്.ഇ.ബി യ്ക്കെതിരെ നിയമ നടപടി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പ്രവർത്തിക്കാത്ത തെരുവു വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്ത പരിശോധന നാളിതുവരെയും നടത്തിയിട്ടില്ല. ഇക്കാരണത്താൽ വൈദ്യുത ചാർജ്ജിനത്തിൽ പ്രതിമാസം ഉണ്ടാകുന്ന അധികച്ചെലവ് തുടർന്ന് വരുന്നു. തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് കാണിച്ച് 06.10.16-ൽ കെ.എസ്.ഇ.ബിയ്ക്ക് ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ട്. മീറ്റർ സ്ഥാപിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## (3-3) <u>മീഡിയാശ്രീ - പണം കൈമാറി; പദ്ധതി നടപ്പായില്ല</u>

| | | |
|---|---|---|
| പ്രോജക്ട് നം | : | 43/2016 |
| പ്രോജക്ടിന്റെ പേര് | : | മീഡിയാശ്രീ |
| അടങ്കൽ | : | 65000 |

| | | |
|---|---|---|
| ചെലവ്/ ഫണ്ടിനം | : | 65000 (വികസനഫണ്ട് ജനറൽ) |
| നിർവ്വഹണം | : | സെക്രട്ടറി |
| ഡിഡി നം./തീയതി | : | 627336/02.07.2015 |

2015-16ൽ സെക്രട്ടറി നടപ്പിലാക്കിയ 'മീഡിയാശ്രീ' എന്ന പദ്ധതിപ്രകാരം 65000രൂപ കുടുംബശ്രീ സംസ്ഥാന മിഷന് നൽകിയെങ്കിലും പദ്ധതി നാളിതുവരെ നടപ്പിലായില്ല. കൈമാറിയ തുക ഇപ്പോഴും കുടുംബശ്രീയിൽത്തന്നെ അവശേഷിക്കുന്നു.

കുടുംബശ്രീ സംസ്ഥാന മിഷന്റെ 'മീഡിയാശ്രീ' പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററിയാക്കുന്നതിനാണ് 20.03.2015 ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 813/2015തസ്വഭവ പ്രകാരം സംസ്ഥാന മിഷൻ കോ ഓർഡിനേറ്ററുടെ പേരിൽ ഡിഡിയെടുത്ത് ജില്ലാ മിഷൻ കോ ഓർഡിനേറ്റർക്ക് കൈമാറിയിട്ടുള്ളത്.

ഫയൽ പരിശോധിച്ചതിൽ ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സൗത്ത് ഏഷ്യൻ കോളേജ് സ്ക്രിപ്റ്റ് തയ്യാറാക്കി അയച്ചുനൽകുകയും പോസ്റ്റ് പ്രൊഡക്ഷൻ ഘട്ടത്തിലേക്കാവശ്യമായ വിവരങ്ങൾ അയച്ച് നൽകണമെന്നും കാണിച്ച് 18.09.15-ൽ ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. സെപ്തംബർ 30 ഒക്ടോബർ ഒന്ന് എന്നീ തീയതികളിൽ ഷൂട്ടിംഗ് ഉണ്ടാകുമെന്ന് രേഖപ്പെടുത്തി ഇതേ തീയതിയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കത്ത് നൽകിയതായും കാണുന്നുണ്ട്.

സെക്രട്ടറിയും ജില്ലാ മിഷൻ കോ ഓർഡിനേറ്ററുമായി 20.03.15ൽ ഏർപ്പെട്ടിട്ടുള്ള കരാറിന്റെ രണ്ടാമത്തെ വ്യവസ്ഥ പ്രകാരം, 'ഡോക്യുമെന്ററിയുടെ തിരക്കഥ അംഗീകരിച്ചതും തുകയും ലഭിച്ച് കഴിഞ്ഞ് 60 ദിവസത്തിനകം ഡോക്യുമെന്ററി ചിത്രത്തിന്റെ 10 പകർപ്പ് നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ചെയ്യേണ്ട നടപടികൾ പൂർത്തീകരിച്ചുവെങ്കിലും തുക കൈമാറി നാളിതുവരെക്കും ഡോക്യുമെന്ററി ചിത്രത്തിന്റെ സി.ഡി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച 65000രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## (3-4) <u>ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങലിന് പണം നൽകി; മരുന്ന് ലഭ്യമാക്കിയില്ല</u>

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി, എൻ.എച്ച്.എം.ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രോജക്ട് പ്രകാരം മാനേജിംഗ് ഡയറക്ടർ,ഹോംകോ, ആലപ്പുഴയ്ക്ക് മരുന്നിന്റെ വിലയിനത്തിൽ 87294 രൂപ നൽകിയെങ്കിലും മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. നിർദ്ധനരായ രോഗികൾ ചികിത്സയ്ക്കായി സമീപിക്കുന്ന സർക്കാർ ഡിസ്പെൻസറിയിലെ മരുന്നുകളുടെ ദൗർലഭ്യം ആ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഹോമിയോ ഡിസ്പെൻസറിയിൽ എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം. | തുക കൈപ്പറ്റിയ ഏജൻസിയുടെ പേര് | ആകെ നല്കിയതുക |
|---|---|---|

| | | |
|---|---|---|
| 82/16 | ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്,ആലപ്പുഴ | 87294 ഡിഡി നം.423969തീയതി 28.12.15 |

ലഭിക്കാനുള്ള മരുന്നുകളുടെ വിലയായ 87294രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-5) ഐ.എ.വൈ. ധനസഹായം- ഔദ്യോഗിക കൈപ്പറ്റ്,വിനിയോഗരേഖ ഹാജരാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ നിന്നും ഐ.എ.വൈ. ഭവന പദ്ധതിക്ക് എഗ്രിമെന്റ് വച്ച 17എസ്.സി.പി.,16ജനറൽ വിഭാഗം ഗുണഭോക്താക്കൾക്കും ബാക്കി തുക നൽകുന്നതിന് വികസനഫണ്ട് (പൊതുവിഭാഗം), (എസ്.സി.പി.) ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്നും യഥാക്രമം 86295, 40000, 33705രൂപ ഉൾപ്പെടെ ആകെ 160000/- രൂപ പന്തളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം | | 104,105/2016 |
| പ്രോജക്ടിന്റെ പേര് | : | ഐ.എ.വൈ. ഭവന പദ്ധതി |
| അടങ്കൽ | : | 120000 & 40000 |
| ചെലവ്/ ഫണ്ടിനം | : | വികസനഫണ്ട് (ജനറൽ) : 86295}<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് : 33705}<br>വികസനഫണ്ട്(എസ്.സി.പി.): 40000 |
| നിർവ്വഹണം | : | സെക്രട്ടറി |
| ഡിഡി നം./തീയതി | : | 46506തീയതി 05.04.16 : 86295<br>46502 തീയതി 05.04.16 : 33705<br>46505 തീയതി 05.04.16 : 40000 |

തുക കൈപ്പറ്റിയതിന് ഒരു താൽക്കാലിക രസീത് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഔദ്യോഗിക കൈപ്പറ്റ് രസീത് (സാംഖ്യാ രസീത്)തുകയുടെ വിനിയോഗം എന്നിവയുടെ അഭാവത്തിൽ ആകെച്ചെലവ് 160000/- രൂപ തടസ്സപ്പെടുത്തുന്നു.

ഇതു കൂടാതെ വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ എസ്.സി.പി., ജനറൽ വികസനഫണ്ടുകൾ ഉൾപ്പെടുത്തി യഥാക്രമം 10/16,15/16 പ്രോജക്ടുകൾ പ്രകാരവും ഐ.എ.വൈ. ഗ്രാമപഞ്ചായത്ത് വിഹിതമായി 500000(300000+200000) രൂപയും നൽകിയിട്ടുണ്ട്. ഇതിന് ഔദ്യോഗിക കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്. തുകയുടെ വിനിയോഗരേഖ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

## (3-6) പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - കരാർ കാലാവധിക്ക് ശേഷവും പൂർത്തീകരിച്ചില്ല

ഓഡിറ്റ് വ ർഷം പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി(പ്രോജക്ട് നം. 6/16 ) 220000 രൂപ (ഡിഡി.നം. 421891 തീയതി 28.09.15) കേരള വാട്ടർ അതോറിറ്റി, പന്തളത്തിന് നൽകിയിട്ടുണ്ട്.30.09.15 -ൽ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുമായുണ്ടാക്കിയ കരാർ(നം.07/15-16/EE) പ്രകാരം പ്രവർത്തി 25.12.15-ൽ ആരംഭിച്ച് 30.12.15-ൽ പൂർത്തിയാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും പ്രസ്തുത പദ്ധതി പൂർത്തിയാക്കിയിട്ടില്ല. പൂർത്തീകരണരേഖയുടെ അഭാവത്തിൽ 220000 രൂപ തടസ്സപ്പെടുത്തുന്നു.

## (3-7) ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗരേഖയുടെ അടിസ്ഥാനത്തിൽ തിരികെ വാങ്ങാനുള്ളത് 55358/രൂപ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2013-14 വർഷം നടപ്പിലാക്കിയ നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗരേഖകൾ പരിശോധിച്ചതിൽ 55358/- രൂപ നിർവ്വഹണ ഏജൻസികളുടെ കൈവശം ചെലവഴിക്കാതെ ബാക്കിയുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | നിക്ഷേപിച്ച തുക | ചെലവായ തുക | ചെലവഴിക്കാതെ നീക്കിയിരുപ്പുള്ള തുക |
|---|---|---|---|---|
| പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ,81/14 | വാട്ടർ അതോറിറ്റി, പത്തനംതിട്ട ഡിവിഷൻ | 200000 | 183799 | 16201 |
| സാംസ്കാരിക നിലയം റീവയറിംഗ് | പൊതുമരാമത്ത് വകുപ്പ് (കെട്ടിടവിഭാഗം), പത്തനംതിട്ട | 220000 | 180852 | 39148 |
| ആകെ | | | | 55349 |

ഈ തുക പലിശ സഹിതം തിരികെ വാങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (3-8) മൈത്രി ഭവനപദ്ധതി- ഗ്രാമപഞ്ചായത്തിന് തിരികെ

## ലഭിക്കാനുള്ളത് 2.5 ലക്ഷം രൂപ

കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് മുഖേന സർക്കാർ നടപ്പിലാക്കിയ മൈത്രി ഭവന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതമായ 795400 രൂപ ഹൗസിംഗ് ബോർഡിൽ നിക്ഷേപിച്ചിരുന്നു. ഈ തുകയിൽ 250000രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി 29.07.2013ൽ നൽകിയ വിനിയോഗ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി തുക തിരികെ നൽകണമെന്നാവശ്യപ്പെട്ട് 26.09.2013ൽ 12(7)-ാം നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം 21.10.2013ൽ KSHBക്ക് കത്ത് നൽകിയിരുന്നു. വായ്പ കുടിശ്ശിക സർക്കാർ എഴുതി തള്ളിയ സാഹചര്യത്തിൽ സർക്കാരിൽ നിന്നും തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് നൽകാമെന്നാണ് ഹൗസിംഗ് ബോർഡ് എക്സിക്യൂട്ടീവ് എൻജിനീയർ മറുപടി നൽകിയിരിക്കുന്നത്. ഈ വിഷയം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി തുക തിരികെ ഈടാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## (3-9) എം.എൻ ലക്ഷം വീട് പദ്ധതി -എഗ്രിമെന്റ് വച്ച 19 ഗുണഭോക്താക്കളിൽ 11പേരും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപ്പഞ്ചായത്തിലെ നിർദ്ധനരായ കുടുംബങ്ങൾക്ക് വീട് നൽകുന്നതിനായി 2009-10ൽ നടപ്പാക്കിയ MN ലക്ഷം വീട് പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല. ജനറൽ വിഭാഗത്തിൽപെട്ടവർക്ക് 10 പേർക്ക് 75000/- രൂപ വീതവും പട്ടികജാതി വിഭാഗത്തിൽപെട്ട9 പേർക്ക് 100000- രൂപ വീതവും ധനസഹായം നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. ഇതിലേക്കായി ഹൗസിംഗ് ബോർഡിൽ നിന്നും 737500/-രൂപയും പ്ളാൻഫണ്ടിൽ നിന്നും 737500/- രൂപയും ലഭിച്ചിരുന്നു. എന്നാൽ ജനറൽ വിഭാഗത്തിലുള്ള 3 ഗുണഭോക്താക്കളും പട്ടികജാതി വിഭാഗത്തിൽപെട്ട 8 ഗുണഭോക്താക്കളും ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല .പദ്ധതി ആരംഭിച്ച് വർഷങ്ങൾ പിന്നിട്ടതിനാൽ ഗുണഭോക്താക്കൾക്ക് പഴയ നിരക്ക് അനുസരിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കാനാകാത്ത അവസ്ഥയാണുള്ളത്. ഭവനനിർമ്മാണ ധനസഹായം വർദ്ധിപ്പിച്ചതനുസരിച്ച് പഞ്ചായത്തുകമ്മിറ്റി തീരുമാനപ്രകാരം (നംIV(1)29.09.12) പ്രസ്തുത ഗുണഭോക്താക്കൾക്ക് കൂടി വർദ്ധിപ്പിച്ച ധനസഹായം ആവശ്യപ്പെട്ടെങ്കിലും (കത്ത് നം P12012 dtd29.10.12) ഓഡിറ്റ് തീയതിവരെ ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഉണ്ടായിട്ടില്ല . ഹൗസിംഗ് ബോർഡിൽ നിന്നും ലഭിച്ച 3ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. തുടർനടപടികൾക്കായി ഇക്കാര്യം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## (3-10) നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കുവാനായി പിൻവലിച്ച 1.57ലക്ഷം രൂപയ്ക്ക് കൈപ്പറ്റ് രേഖകൾ ഇല്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2013-14, 2014-15, 2015-16 വർഷങ്ങളിൽ നടപ്പിലാക്കിയ മരാരത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കെട്ടിട നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ 3/14 മുതൽ 3/16 വരെ കുറവുചെയ്ത 157538 രൂപ ക്ഷേമനിധി ബോർഡിൽ അടച്ചതിന്റെ കൈപ്പറ്റ് രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഡിമാൻറ് ഡ്രാഫ്റ്റുകൾ ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ പേരിൽ അയക്കുന്നതായുള്ള കത്തുകൾ മാത്രമാണ് ഫയലിലുള്ളത്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | ഡിമാൻറ് ഡ്രാഫ്റ്റുകളുടെ എണ്ണം | കുറവുചെയ്ത തുക (ഡിമാൻറ് ഡ്രാഫ്റ്റുകളുടെ മൂല്യം) | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| 1 | 2013-14 | 26 | 42337 | 2/13 വരെ വരെ ബില്ലിൽ നിന്നും കുറവ് ചെയ്ത തുകകളുടെ കൈപ്പറ്റ് രേഖകളുണ്ട് |
| 2 | 2014-15 | 30 | 57366 | 16 ഡിമാന്റ് ഡ്രാഫ്റ്റുകൾ റീവാലിഡേറ്റ് ചെയ്ത് 28/7/15 ൽ അയച്ചതായി കാണുന്നു |
| 3 | 2015-16 | 33 | 57835 | |
| ആകെ | | 89 | 157538 | |

കൈപ്പറ്റ് രേഖകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് ഔദ്യോഗിക നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ഹാജരാക്കണമെന്ന് അറിയിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (11/28.11.16) മറുപടി നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 2015-16 വർഷം ക്ഷേമനിധിവിഹിതമിനത്തിൽ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ച 57835രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ക്ഷേമനിധി വിഹിതം ഒടുക്കിയതിന്റെ ഔദ്യോഗിക കൈപ്പറ്റ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### (4-1) ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടവാക്കിയ തുക | വൗച്ചർ നം/ തീയതി . | നിർവ്വഹണ സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | 26/16 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് | 381600 | DD No. 627868, 627870 29.07.15 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഇലക്ട്രിക്കൽ | പൂർത്തീകരണ വിവരം ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ഡിവിഷൻ, പന്തളം | |
| 2 | 06/16 | പൈപ്പലൈൻ ദീർഘിപ്പിക്കൽ | 220000 | DD No. 421891, 421892/ 25.09,2015 | വാട്ടർ അതോറിറ്റി | പൂർത്തീകരണ വിവരം ഇല്ല |

## (4-2) മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## (4-3) വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെയും തിരിച്ചടവിന്റേയും തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇല്ല | | | | | |

## (4-4) സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## (4-5) ഓഡിറ്റ് റിക്കവറി

--ഇല്ല--

## (4-6) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-9 | 2011-12 | 3.2.9 | കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാത്തത് | നിയമസഭാ സമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | സംബന്ധിച്ച് | പരിഗണനയിലാണ്. |
| 2011-12 | 3-10 | 2011-12 | 3.2.10 | റോഡുകളുടെ പേരും ദൈർഘ്യവും രേഖപ്പെടുത്താത്തത് സംബന്ധിച്ച് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2011-12 | 3-11 | 2011-12 | 3.2.13 | കരാർ പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2011-12 | 3-14 | 2011-12 | 3.2.14 | റോഡ് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## (4-7) ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 24105276 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 20014749 |
| വരവിനങ്ങളിലുള്ള നഷ്ടം | 36515 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1471729 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 36515 | | ശ്രീമതി വിജയകുമാരി , അസിസ്റ്റന്റ് എൻജിനീയർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 381600 | ശ്രീമതി.ജസി സാമുവൽ, സെക്രട്ടറി |
| 3-3 | 65000 | ശ്രീമതി.ജസി സാമുവൽ, സെക്രട്ടറി |
| 3-4 | 87294 | ശ്രീമതി.ജസി സാമുവൽ, സെക്രട്ടറി |
| 3-5 | 160000 | ശ്രീമതി.ജസി സാമുവൽ, സെക്രട്ടറി |
| | 500000 | ശ്രീ.വി.ബി.വിജു വി.ഇ.ഒ |
| 3-6 | 220000 | ശ്രീമതി.ജസി സാമുവൽ, സെക്രട്ടറി |
| 3-10 | 57835 | ശ്രീമതി വിജയകുമാരി, അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 1471729 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 2-1 | 1807 | ശ്രീമതി വിജയകുമാരി, അസിസ്റ്റന്റ് എൻജിനീയർ |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജസി സാമുവൽ, സെക്രട്ടറി | റിട്ടയർ ചെയ്തു | കപ്പമാമൂട്ടിൽ, പൂവൻപാറ(പി. ഒ), കോന്നി |
| ശ്രീമതി.വിജയകുമാരി, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ<br>മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് | ആയിത്തിരിക്കൽ, കീഴുകര (പി.ഒ) |
| ശ്രീ.വി.ബി.വിജു ,വി.ഇ.ഒ | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | തുണ്ടിയിൽ തെക്കേതിൽ, മുടിയൂർക്കോണം |

| | | |
|---|---|---|
| | പന്തളം ബ്ലോക്ക് | |

## (4-8) തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ/പി3-254/99 തീയതി:11.08.00/03.10.00 |
| 2000-01 | എൽ.എഫ്.പി.റ്റി.എ/പി3-658/01 തീയതി:25.03.02 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ/പി2-624/03 തീയതി:08.01.04/05.05.04 |
| 2002-03(ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി4-385/06 തീയതി:16.09.06/05.02.07 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി4-122/08 തീയതി:09.10.09/20.01.09 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി4-466/09തീയതി:08.09.09/09.08.10 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി7-786/09 തീയതി:28.08.11 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി7-71/10 തീയതി:03.09.11 |

| | |
|---|---|
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി-7-202/10 തീയതി:04.10.10 |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി-5-762/10 തീയതി:16.08.11 |
| 2009-10 | എൽ.എഫ്.പി.റ്റി.എ/പി-5-201/11 തീയതി:06.11.11/04.12.12 |
| 2010-11 | എൽ.എഫ്.പി.റ്റി.എ/പി5-113/12 തീയതി:15.03.12/24.04.12 |
| 2011-12 &12-13 | എൽ.എഫ്.പി.റ്റി.എ/പി11-48/14 തീയതി:08.04.14/10.11.14 |
| 2013-14 | എൽ.എഫ്.പി.റ്റി.എ/പി6- 421/15 തീയതി:08.6.15 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ/പി11848/16 തീയതി:26.7.16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട ജില്ല

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി.11/1360/16 തീയതി 09-12-2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ

രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

Annexure – 1

No.KSAPTA-P11./1360/2016 Dated 09-12-2016

CERTIFICATE

Certified that I have examined the Annual Financial Statement of Thumpamon Grama Panchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thumpamon Grama Panchayat for the year 2015-16, except the obeservations in my report, properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Pathanamthitta